mathrubhumi, 26-09-18, P-06

**കാർഷികരംഗം**

## പ്രളയശേഷം വരൾച്ചയോ?

### തുലാവർഷത്തെ സ്വീകരിച്ചിരുത്താം

**കെ.പി.ജയരാജൻ**

പ്രളയശേഷം വരാനിരിക്കുന്നത് കടുത്ത വരൾച്ചയാണെങ്കിൽ അതിനെ എങ്ങനെ നേരിടാം.

ഓരോ തുള്ളിയും മണ്ണിലേക്ക് ആഴ്ന്നിറങ്ങാനുള്ള പ്രവർത്തനമാണ് പ്രധാനം. ഇതിനെ തത്സ്ഥലജലസംരക്ഷണം എന്നുപറയാം.

ഒഴുക്ക് സാവധാനത്തിലാക്കലാണ് രണ്ടാമത്തെ വഴി. ഇതിനായി ചെറു ചാലുകളിൽനിന്ന് വ്യാപിച്ചൊഴുകാൻ ജലത്തെ പ്രേരിപ്പിക്കാം . ഒഴുകുന്ന വഴികളിൽ ചെറിയ തടസ്സങ്ങളുണ്ടാക്കാം. ചെറുചാലുകൾ, ഒരു മീറ്റർ നീളം, വീതി, ആഴത്തിലുള്ള ചികിരി ട്രഞ്ചുകൾ, ചെറുകമ്പുകൾ, മണൽ ചാക്കുകൾ, കല്ലുകൾ എന്നിവ ഉപയോഗിച്ചുള്ള ചെറുതടയണകൾ എന്നിവയെല്ലാം ഒഴുക്കു കുറയ്ക്കും. ശാസ്ത്രീയമായ അളവിലുള്ള കുമ്മായ പ്രയോഗവും ജൈവവള പ്രയോഗവും മണ്ണിൻെറ ജീവൻ വീണ്ടെടുക്കാൻ സഹായിക്കും.

മേൽക്കൂര ജല സംരക്ഷണത്തിലും ശാസ്ത്രീയമായ വിളപരിപാലനത്തിലും കൂടി ശ്രദ്ധിച്ചാൽ ഈ വേനൽക്കാലം കെടുതികളേറെയില്ലാതെ നമുക്ക് മറികടക്കാം.

# ശീതകാല പച്ചക്കറി നടാൻ സമയമായി

**എം.എ. സുധീർ ബാബു**

ശീതകാല പച്ചക്കറി വിളകളായ കാബേജ്, കോളിഫ്ലവർ, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ ഇപ്പോൾ നടാം. ഇവയുടെ നല്ല വിത്തുകൾ വാങ്ങി തവാരണയിലോ ചെടിച്ചട്ടിയിലോ പാകി കിളിർപ്പിക്കാം. ട്രേകളിൽ നടീൽ മിശ്രിതം നിറച്ചും വിത്തിടാം. സെപ്റ്റംബർ അവസാനം വിത്തുകൾപാകി നവംബർ ആദ്യവാരത്തിൽ പറിച്ചുനടാം.

### തൈകൾ തയ്യാറാക്കാം

ശീതകാലപച്ചക്കറിയുടെ വിത്തുകൾ ചെറുതായതുകൊണ്ട് ശരിക്ക് മുളച്ചു പൊന്താൻ പറ്റുന്ന തരത്തിൽപാകണം.

മണൽ, മേൽമണ്ണ്, ഉണക്കിപ്പൊടിച്ച ചാണകം അല്ലെങ്കിൽ മണ്ണിരക്കമ്പോസ്റ്റ് എന്നിവ 1:1:1 എന്ന രീതിയിൽ ചേർത്തിളക്കി അരയടി പൊക്കത്തിൽ തടമെടുക്കണം. വിത്തുപാകുന്നതിനു മുമ്പ് ഫൈറ്റോ ലാൻ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് എന്ന കുമിൾ നാശിനി ഒരു ലിറ്റർ വെള്ളത്തിന് നാലുഗ്രാം എന്ന തോതിൽ കലക്കിയിളക്കി, മണ്ണിലൊഴിച്ചിടുന്നത് നല്ലതാണ്.

ഒരു ചതുരശ്ര മീറ്റർ തവാരണയ്ക്ക് മൂന്ന് ലിറ്റർ കുമിൾനാശിനി ഒഴിക്കണം. തവാരണകളിൽ വിത്ത്പാകിയശേഷം അല്പം പൊടിമണ്ണ് മുകളിൽ വിതറി ശക്തികുറഞ്ഞ രീതിയിൽ നനയ്ക്കണം. നാലഞ്ചു ദിവസത്തിനുള്ളിൽ മുളയ്ക്കുന്ന തൈകൾ ഒരു മാസം വളർച്ചയെത്തിയാൽ പറിച്ചു നടാം.

### നല്ല വിളവിന് നല്ല പരിപാലനം

നല്ല സൂര്യപ്രകാശം കിട്ടുന്ന, നീർവാർച്ചയുള്ള മണ്ണിലാണ് വൈകുന്നേരങ്ങളിൽ തൈകൾ വേരു പൊട്ടാതെ വേർതിരിച്ചു നടേണ്ടത്.

### മാറ്റിനടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരടി വീതിയും അരയടി താഴ്ചയും ആവശ്യത്തിന് നീളവും വരുന്ന ചാലുകൾ രണ്ടടി അകലത്തിൽ കീറി, മേൽമണ്ണ്, ഉണക്കിപ്പൊടിച്ച ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ഒരു സെൻറിന് നൂറു കിലോയെന്ന തോതിൽ ചേർത്തശേഷം ചാലിൻെറ മുക്കാൽ ഭാഗത്തോളം മൂടണം. ഇങ്ങനെ ഉണ്ടാക്കിയ ചാലുകളിൽ, ഒന്നരയടി അകലത്തിൽ കാബേജ് -കോളിഫ്ളവർ തൈകൾ നടണം. തണൽ കുത്തി നല്ലി നനച്ചു കൊടുക്കുന്നത് തൈകൾ വേഗത്തിൽ പിടിച്ചു കിട്ടാൻ സഹായിക്കും.

10-35-50 എന്നിങ്ങനെ ദിവസക്രമ ഇടവേളകളിൽ മൂന്നു പ്രാവശ്യമായി ഒരു സെൻറിന് ഒരു കിലോഗ്രാം ഫാക്ടംഫോസും അര കിലോഗ്രാം പൊട്ടാഷും വീതം നൽകണം. അഞ്ച് കിലോഗ്രാംവീതം ഉങ്ങിൻ പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ കടലപ്പിണ്ണാക്ക് എന്നിവ കലക്കി അതിൻെറ തെളി പത്തിരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച്, തൈകൾക്കു ചുവട്ടിലൊഴിക്കുകയും തളിക്കുകയും ചെയ്യാം .

രണ്ടും മൂന്നും വളപ്രയോഗത്തിനു ശേഷം മണ്ണ് കയറ്റി കൊടുക്കണം. മണ്ണിര കമ്പോസ്റ്റും ചേർക്കാം.

തൈകൾക്ക് മൂടുചീയൽ ( കട ചീയൽ ) രോഗം പ്രശ്നമാണ് . ഇത് തടയാൻ ഫൈറ്റോലാനോ, സ്യൂഡോമോണാസ് എന്നിവയിൽ ഏതെങ്കിലും പ്രയോഗിക്കാം. തൈകൾ നട്ട് 40 - 45 ദിവസത്തിനുള്ളിൽ കോളിഫ്ലവർ വിരിയും. കാബേജിൻെറ 'ഹെഡുകൾ' നട്ട് 55 മുതൽ 60 ദിവസത്തിനുള്ളിൽ ഉണ്ടായി വരും.

ഉണ്ടായശേഷം 8-10 ദിവസത്തിനുള്ളിൽ കാബേജും കോളിഫ്ലവറും വിളവെടുക്കാം. വിളവെടുപ്പ് വൈകിയാൽ വിടർന്നു പോവും. കീടങ്ങളെ അകറ്റാൻ ഫെറമോൺ കെണികൾ ഇന്ന് ലഭ്യമാണ്. ഒരേക്കറിൽ 20 കെണികൾ വരെയാകാം. ഇതിനു പുറമേ വെള്ളീച്ചകൾക്കെതിരേ മഞ്ഞ ഒട്ടുകെണികൾ, ത്രിപ്സുകൾക്കെതിരേ നീല ഒട്ടുകെണികൾ എന്നിവയും ആദ്യം തന്നെ വെക്കുക.



**കൂടുതൽ കൃഷിവാർത്തകൾക്ക്**

www.mathrubhumi.com/agriculture

കാർഷിക രംഗത്തിലേക്കുള്ള കുറിപ്പുകൾ അയക്കേണ്ട വിലാസം:

പത്രാധിപർ, കാർഷികരംഗം, മാതൃഭൂമി,
കെ.പി. കേശവമേനോൻ റോഡ്,
കോഴിക്കോട്-673001,
e-mail: karshikam@mpp.co.in